(ഡി) നഗരത്തിൽ എല്ലാ സ്ഥലങ്ങളിലും ഡ്രെയിനേജ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ശാസ്തമംഗലം മുതൽ കുര്യാത്തി വരെ 700 എം.എം. മുതൽ 1200 എം.എം. വരെ വ്യാസമുള്ള പാരലൽ മെയിനും കുര്യാത്തിയിൽ പുതിയ പമ്പ് ഹൗസും കുര്യാത്തി മുതൽ സീവേജ്ഫാം വരെ 900 എം.എം. പമ്പിംഗ് മെയിനിന്റെ പണിയും ഭാഗികമായി പൂർത്തിയായി. വലിയശാല റയിൽവേ ക്രോസിംഗിൽ 1200 എം.എം. പാരലൽ മെയിനിന്റെ പണികൾ നടന്നുവരുന്നു. ഇത് ജൂലൈ മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്. പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം നഗരത്തിലെ 'എ' ബ്ലോക്കിൽ ഉൾപ്പെട്ട കവടിയാർ, ശാസ്തമംഗലം, വെള്ളയമ്പലം, തൈക്കാട്, തമ്പാനൂർ ഭാഗം, മണക്കാട്, പുത്തൻചന്ത, ജഗതി, പാളയം മുതലായ സ്ഥലങ്ങളിലെ ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുന്നതാണ്. കൂടാതെ മേലാറന്നൂർ പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2.85 കോടി രൂപ മതിപ്പുചെലവുള്ള ഒരു പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി 2004 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്നതാണ്. കൂടാതെ 'ഡി' ബ്ലോക്കിൽ ഉൾപ്പെട്ട പട്ടം, പ്ലാമൂട്, കേശവദാസപുരം, മുട്ടട, അമ്പലംമുക്ക്, കവടിയാർ ഭാഗം, മെഡിക്കൽ കോളേജ്, ഉള്ളൂർ, കുമാരപുരം, കണ്ണമ്മൂല, എന്നീ പ്രദേശങ്ങളിലെ പണികൾ ഭാഗികമായി പൂർത്തീകരിച്ചു. പട്ടം-മുറിഞ്ഞപാലം, പട്ടം-പ്ലാമൂട് പമ്പ് ഹൗസുകൾ പ്രവർത്തനക്ഷമമാക്കി ഭാഗികമായി കമ്മീഷൻ ചെയ്തു. ബാക്കി പണികൾ പുരോഗമിച്ചുവരുന്നു. 'ഇ' ബ്ലോക്കിൽ ഉൾപ്പെട്ട പേരൂർക്കട, ഊളൻപാറ, ശാസ്തമംഗലം ഭാഗം, പാങ്ങോട്, വട്ടിയൂർക്കാവ്, മരുതൻകുഴി, പി.റ്റി.പി., വലിയവിള, കാഞ്ഞിരംപാറ മുതലായ സ്ഥലങ്ങളിൽ ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പണികൾ പുരോഗമിച്ചുവരുന്നു.

(ബി) പുതിയതായി ഡ്രെയിനേജ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നഗരത്തിൽ ഡ്രെയിനേജ് സംവിധാനം ഇല്ലാത്ത പ്രദേശങ്ങളിൽ ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുന്നതിന് പ്രത്യേക പഠനവും സർവേയും ആവശ്യമാണ്. മാത്രമല്ല, ഇതിനായി ഭീമമായ തുക കണ്ടെത്തേണ്ടതുണ്ട്.

വാട്ടർ കണക്ഷനും ഡ്രെയിനേജ് കണക്ഷനും നിരോധനം

68 [231] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ വാട്ടർ കണക്ഷനും ഡ്രെയിനേജ് കണക്ഷനും നൽകുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നിരോധനം ഏർപ്പെടുത്തിയതിന്റെ കാരണം വിശദമാക്കുമോ;

(സി) നിരോധനത്തിൽ ഇളവ് വരുത്തുവാനും കണക്ഷൻ നൽകുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) അനധികൃത കണക്ഷൻ തടയുന്നതിനായി സ്വീകരിച്ച നടപടിയുടെ ഭാഗമായി എത്ര കേസ് രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം, ശാസ്തമംഗലം ഡിവിഷനിലെ ഡ്രെയിനേജ് കണക്ഷൻ നൽകുന്നതിൽ അഴിമതി നടത്തുന്നതായി ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ പരാതി കിട്ടിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഡിവിഷനിലെ ഡ്രെയിനേജ് കണക്ഷൻ നിരോധനം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ മദ്ധ്യമേഖലയിലും ഉത്തര മേഖലയിലും ജലലഭ്യത കുറവുള്ള സ്ഥലങ്ങളിൽ വാട്ടർ കണക്ഷന് താൽക്കാലിക നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ ഡ്രെയിനേജ് കണക്ഷന് ദക്ഷിണമേഖലയിലേയും മദ്ധ്യമേഖലയിലെയും ചില സോണുകളിൽ നിരോധനം ഉണ്ട്. വിശദ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) ആവശ്യമായ വെള്ളം ലഭ്യമല്ലാത്തതുകൊണ്ടാണ് വാട്ടർ കണക്ഷന് താൽക്കാലിക നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം സിവറേജ് സ്കീം ഏതാണ്ട് 50, 60 വർഷം മുമ്പ് രൂപകൽപ്പന ചെയ്ത് നടപ്പാക്കിയതാണ്. എന്നാൽ ജനസംഖ്യയിലുണ്ടായ വർദ്ധനവ് അനുസരിച്ചും നഗരവികസനത്തിനനുസരിച്ചും സിവറേജ് സിസ്റ്റം സാമ്പത്തിക പരിമിതി മൂലം വിപുലീകരിക്കപ്പെട്ടില്ല. ഇതുകാരണം പലയിടങ്ങളിലും മലിനജലം പൊട്ടി ഒഴുകുകയും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം നഗരത്തിൽ ചില സ്ഥലങ്ങളിൽ ഡ്രെയിനേജ് കണക്ഷന് നിരോധനം ഏർപ്പെടുത്തിയത്.

(സി) സ്രോതസ്സുകൾ മെച്ചപ്പെടുത്തിയും പരമാവധി ജലനഷ്ടം തടഞ്ഞും ജലത്തിന്റെ ദുരുപയോഗം തടഞ്ഞും അതുവഴി കൂടുതൽ ജലലഭ്യത ഉറപ്പാക്കിയും പുതിയ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കിയും വാട്ടർ കണക്ഷനുള്ള നിരോധനം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം സിവറേജ് പദ്ധതിയിൽ 'എ' ബ്ലോക്കിലേയും 'ഇ' ബ്ലോക്കിലേയും നിരോധനം വലിയശാലയിൽ നടക്കുന്ന പാരലൽ മെയിനിന്റെ പണി പൂർത്തിയായതിന് ശേഷം

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കാനാണ് തീരുമാനം. 'സി' ബ്ലോക്കിലെ ഈഞ്ചക്കൽ പമ്പ് ഹൗസിൽ ഒരു ഡീസൽ ജനറേറ്റർ സ്ഥാപിക്കുകയും ലൈനുകളുടെ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഈ പ്രദേശത്തെ നിരോധനം പിൻവലിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ദക്ഷിണ മേഖലയുടെ കീഴിൽ 34 പരാതികൾ പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 16 പേർ കൂട്ടായി എടുത്ത ഒരു സ്വീവർ ലൈൻ വിഛേദിച്ച് പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) പരാതി കിട്ടിയിട്ടുണ്ട്. അന്വേഷണം നടന്നുകൊണ്ടിരിക്കയാണ്.

(എഫ്) വലിയശാലയിലെ ഇന്റർ കണക്ഷൻ പണി പൂർത്തിയാകുന്നതോടു കൂടി ശാസ്തമംഗലം സെക്ഷന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിലെ ഡ്രെയിനേജ് കണക്ഷൻ നിരോധനം പിൻവലിക്കാനാകും.

ബേപ്പൂർ നിയോജകമണ്ഡലത്തിലെ ശവകണ്ടിപറമ്പിൽ കടൽഭിത്തി നിർമ്മാണം

69 [232] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ശവകണ്ടി പറമ്പിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) 2004 മെയ് ആദ്യവാരത്തിലുണ്ടായ കടൽക്ഷോഭത്തിൽ പ്രസ്തുത പ്രദേശത്ത് നാശനഷ്ടങ്ങൾ ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ ഇതേവരെ എത്ര എസ്റ്റിമേറ്റുകൾ കാലാകാലങ്ങളിലായി തയ്യാറാക്കപ്പെട്ടിട്ടുണ്ട്;

(ഡി) ഓരോ എസ്റ്റിമേറ്റിന്റെയും തുക വ്യക്തമാക്കാമോ;

(ഇ) യഥാസമയം ഭിത്തി കെട്ടുന്നതിനുണ്ടാകുന്ന കാലതാമസം കാരണം സർക്കാരിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നുവോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) കടൽഭിത്തി നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്ത് തുക ലഭിച്ചിട്ടുണ്ട്;

(ജി) വർഷം തിരിച്ച് വ്യക്തമാക്കാമോ;

(എച്ച്) സംസ്ഥാന സർക്കാർ ചെലവു ചെയ്ത തുകയെത്രയാണ്;

(ഐ) ഈ വർഷം തന്നെ പ്രവർത്തി നടപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly